(ബി) ഈ സംഭവത്തിൽ സി.ബി.ഐ. അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അത് സംബന്ധിച്ച് സർക്കാരിന് ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്സുകൾ കോഴിക്കോട് സി.ബി.സി.ഐ.ഡി.എസ്. ഐ.ജി.3 അന്വേഷിച്ചുവരികയായിരുന്നു. ഈ കേസ്സുകൾ അന്വേഷണത്തിനായി സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) അന്വേഷണം നടത്തിവരുന്നു.

(സി) സി.ബി.ഐ.യെ അന്വേഷണ ചുമതല ഏൽപ്പിച്ചുകഴിഞ്ഞുവെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അറിയിപ്പ് കിട്ടിയിട്ടുണ്ട്.

മുത്തങ്ങയിൽ നടന്ന വെടിവയ്പ്

59 (1527) ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. സി. ജോർജ് :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുത്തങ്ങയിൽ 2003 ഫെബ്രുവരി 19-ന് നടന്ന പോലീസ് വെടിവയ്പിനിടയായ സാഹചര്യം എന്തായിരുന്നു ;.

(ബി) പ്രസ്തുത പോലീസ് വെടിവയ്പിൽ എത്ര പേർ മരണമടഞ്ഞു ;

(സി) ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) മുത്തങ്ങ സംഭവം സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം കാര്യങ്ങൾ അന്വേഷിക്കാനാണ് സി.ബി.ഐ.യോട് ആവശ്യപ്പെട്ടിട്ടുള്ളത് ;

(എഫ്) ഇതുസംബന്ധിച്ച് ഗവൺമെന്റ് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാം ;

(ജി) മുത്തങ്ങ സംഭവത്തിൽ ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കൊലക്കേസ്, വധശ്രമക്കേസ് തുടങ്ങിയ വിവിധ കേസ്സുകൾ സി.ബി.ഐ.യ്ക്ക് സർക്കാർ കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുത്തങ്ങ വന്യമൃഗ സങ്കേതത്തിൽ കയ്യേറ്റം നടത്തി കുടിൽ കെട്ടിയവരെ ഒഴിപ്പിക്കൽ നടപടി നടത്തിയതും ആയുധങ്ങൾ ഉപയോഗിച്ച് നാല് വനിതാ പോലീസുകാർക്കും മറ്റു പോലീസ് ഉദ്യോഗസ്ഥൻമാർക്കും പരിക്കേല്പിച്ചു തട്ടിക്കൊണ്ടു പോകാൻ ശ്രമിച്ചതും പോലീസ് ഫോറസ്റ്റ് ഉദ്യോഗസ്ഥരെ തട്ടിക്കൊണ്ടുപോയി ബന്ദികളാക്കി കൊലപ്പെടുത്താൻ ശ്രമിച്ചപ്പോൾ അവരെ വീണ്ടെടുക്കാൻ ശ്രമിച്ചതും വീണ്ടും പോലീസ് പാർട്ടിയെ ആക്രമിക്കാൻ വന്നതുമാണ് വെടിവയ്പിനിടയാക്കിയ സാഹചര്യങ്ങൾ.

(ബി) ഒരാൾ മരിച്ചു.

(സി)&(ഡി) ഉണ്ട്. സുൽത്താൻ ബത്തേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തവേ കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറി. അതുപ്രകാരം, കോഴിക്കോട് സി.ബി.സി.ഐ.ഡി.എസ്.ഐ.ജി.-3 അന്വേഷണം ആരംഭിച്ചു. ഇതിനിടെ, അന്വേഷണം സി.ബി.ഐ.ക്ക് വിടുകയുണ്ടായി. മുത്തങ്ങ സംഭവത്തോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത മേൽപ്പറയുന്നവ ഉൾപ്പെടെയുള്ള ഏഴ് കേസ്സുകളും അന്വേഷണത്തിനായി സി.ബി.ഐ.യ്ക്ക് വിടുകയുണ്ടായി.

(ഇ) ഉണ്ട്. മുത്തങ്ങ സംഭവത്തെത്തുടർന്നുണ്ടായിട്ടുള്ള എല്ലാ ആരോപണങ്ങളെയും കുറിച്ച് അന്വേഷിക്കുന്നതിന് സി.ബി.ഐ.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) അന്വേഷണം സി.ബി.ഐ.യെ ചുമതലപ്പെടുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിനോട് ആവശ്യപ്പെടുകയും വിജ്ഞാപനം പുറപ്പെടുവിക്കുകയും ആവശ്യമായ അനുബന്ധ നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ജി) ഉണ്ട്.

മാറാട് കലാപത്തെത്തുടർന്ന് നടത്തിയ റെയ്ഡ്

60 (1528) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് കലാപവുമായി ബന്ധപ്പെട്ട് ആരാധനാലയങ്ങളിൽ റെയ്ഡ് നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവിടെ നിന്നും ആയുധങ്ങളോ സ്ഫോടക വസ്തുക്കളോ കണ്ടെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റെയ്ഡിൽ നിരവധി വാളുകളും സ്ഫോടക വസ്തുക്കളും കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly